പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.3888

20.07.2015 ൽ മറുപടിക്ക്

## നദികളിൽ നിന്നുള്ള മണലെടുപ്പ്

ചോദ്യം

ശ്രീ.കെ.രാധാകൃഷ്ണൻ :

ഉത്തരം

ശ്രീ .അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ)<br><br>(ബി) | തൃശ്ശൂർ ജില്ലയിൽ ഭാരതപ്പുഴ ഉൾ-പ്പെടെയുള്ള നദികളിൽ നിന്നുള്ള മണലെടുപ്പ് തടഞ്ഞിട്ടുള്ളതായി അറിയുമോ ;<br>എങ്കിൽ എന്തുകൊണ്ടാണെന്ന് അറിയിക്കുമോ ; | (എ) & (ബി) | ബഹുമാനപ്പെട്ട കോടതിയുടെ ഉത്തര വിനനുസൃതമായി പരിസ്ഥിതി വകുപ്പിൽ നിന്നുള്ള നിർദ്ദേശമനുസരിച്ച് ഇനിയൊരുത്തരവ് ഉണ്ടാകുന്നതുവരെ 15.05.2015 തീയതിയിലെ എച്ച്.5-44949/13 നമ്പർ ജില്ലാ കളക്ടറുടെ നടപടിക്രമപ്രകാരം ജില്ലയിൽ ഭാരത പ്പുഴയിലെ അംഗീകൃത കടവുകളിൽ നിന്നും മണലെടുക്കുന്നതിന് നിരോധനം ഏർപ്പെടുത്തി ഉത്തരവായിട്ടുണ്ട്. |
| (സി)<br><br>(ഡി) | പാലക്കാട്, മലപ്പുറം ജില്ലകളിൽ ഭാരതപ്പുഴ ഉൾപ്പടെയുള്ള നദികളിൽ നിന്നും ഒരു നിയന്ത്രണവുമില്ലാതെ മണലെടുപ്പ് നടക്കുന്നതായി അറിയാമോ ;<br>എങ്കിൽ അതിനുള്ള സാഹചര്യങ്ങ ളെന്താണെന്ന് അറിയിക്കുമോ ; | (സി) & (ഡി) | പാലക്കാട് ജില്ലയിൽ നിയന്ത്രണ-മില്ലാതെ മണലെടുപ്പ് നടന്നിരുന്നില്ല. സെസ്സ് നടത്തിയ ശാസ്ത്രീയ പഠനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ നിശ്ചയിച്ചിരുന്ന കടവുകളിൽ നിന്ന് നിശ്ചിത അളവിലുള്ള മണലെടുപ്പാണ് നടന്നിരുന്നത്. എന്നാൽ ദേശീയ ഹരിത ട്രൈബ്യൂണലിന്റെ വിധിയുടെ പശ്ചാത്ത ലത്തിൽ പാലക്കാട് ജില്ലയിൽ നിലവിൽ പുഴകളിൽ നിന്നുള്ള മണലെടുപ്പ് നിരോധിച്ചിട്ടുണ്ട്. പുഴകളിൽ നിന്നുള്ള അനധികൃത മണലെടുപ്പ് തടയുന്നതിന് റവന്യൂ, പോലീസ് വകുപ്പുകൾ കർശന നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. മലപ്പുറം ജില്ലയിൽ ഭാരതപ്പുഴയിൽ നിന്ന് മണലെടുപ്പിന് നിലവിൽ അനുമതി നൽകിയിട്ടില്ല. |

| | | | |
|---|---|---|---|
| (ഇ) | തൃശ്ശൂർ ജില്ലയിൽ നദികളിൽ നിന്നും മണലെടുക്കാൻ കഴിയാതെ വന്നതു കാരണം നിർമ്മാണ തൊഴിലാ-ളികൾ പണിയില്ലാതെ ബുദ്ധിമുട്ടുന്നതായി അറിയുമോ ; | (ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (എഫ്) | നിർമ്മാണ മേഖലയിൽ വലിയ വിലയ്ക്ക് വ്യാജമണൽ വിറ്റുവരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എഫ്) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ജി) | തൃശ്ശൂർ ജില്ലയിലെ മണലെടുപ്പ് തടസ്സപ്പെട്ടിരിക്കുന്നതുമായി ബന്ധപ്പെട്ട് പരാതികൾ ലഭിച്ചിട്ടുണ്ടോ ; എങ്കിൽ പരാതികൾ പരിഹരിക്കുവാനും മണലെടുപ്പ് പുനസ്ഥാപിക്കുവാനും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ? | (ജി) | തൃശ്ശൂർ ജില്ലയിൽ ഭാരതപ്പുഴയിലെ മണൽ ആഡിറ്റിംഗ് നടത്തുന്നതിനായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ മണൽ ആഡിറ്റിംഗ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പ്രസ്തുത ആഡിറ്റിംഗ് പൂർത്തിയായാൽ മാത്രമേ മണലെടുപ്പ് പുനസ്ഥാപിക്കുന്ന കാര്യത്തിൽ അന്തിമ തീരുമാനം കൈക്കൊള്ളാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ